## (ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

#### മന്തുരോഗത്തിന് പ്രതിരോധ മരുന്ന്

*3 [3] ശ്രീ. ഇസ്ഹാക് കുരിക്കൾ:
,, പി. കെ. അബ്ദുറബ്ബ്:
,, സി. ടി. അഹമ്മദ് അലി:
,, ടി. പി. എം. സാഹിർ:
,, സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മന്തുരോഗത്തിനെതിരെ ഡി. ഇ. സി. ഗുളിക വിതരണം ചെയ്യുന്നത് അശാസ്ത്രീയമാണെന്നും വൻ പാർശ്വഫലങ്ങൾ ഉണ്ടാക്കുന്ന ഡി. ഇ. സി. ഗുളിക ഗുണത്തേക്കാൾ ദോഷം ചെയ്യുന്നതാണെന്നും കാണിച്ച് ഇൻസ്റ്റിറ്റ്യൂഷൻസ് ഓഫ് ഹോമിയോപ്പതിക്സ് നിവേദനം സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഡി. ഇ. സി. ഗുളിക വിതരണം നിർത്തിവച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) 23-6-2004-ൽ നിവേദനം ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

(ബി) തൽക്കാലം നിർത്തിവച്ചിട്ടുണ്ട്. ജൂൺ 5-നാണ് പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിരുന്നതെങ്കിലും ഇതിനാവശ്യമായ മരുന്ന് നിശ്ചിത സമയത്തിന് ലഭ്യമാകാത്തതുകൊണ്ട് അന്നേ ദിവസം നടത്തുവാൻ സാധിച്ചില്ല. കൂടാതെ മരുന്നു വിതരണം സംബന്ധിച്ച് കേരള ഹൈക്കോടതിയിൽ ഒരു റിട്ട് പെറ്റീഷൻ [WP (C) 168/04]നിലവിലുണ്ട്. കേസിന്റെ വിധിയനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

#### സ്വകാര്യ ആശുപത്രികളുടെ പ്രവർത്തനത്തിൽ സർക്കാർ നിയന്ത്രണം

*4 [4] ശ്രീ. ജോർജ്ജ് ജെ. മാത്യു:
,, കെ. സി. ജോസഫ്:
,, പി. ജെ. ജോയി:
,, കെ. സി. വേണുഗോപാൽ:
,, പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളുടെ നടത്തിപ്പിൽ സർക്കാരിന് എന്തെല്ലാം നിയന്ത്രണങ്ങളാണുള്ളത്;

LIBRARY, ARCHIVES Kerala Legislative Assembly